പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

25 [1164] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ എത്ര; എത്ര പേർ ജോലി ചെയ്യുന്നു; പാലക്കാട് ജില്ലയിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങളെ നിലനിർത്തി ജീവനക്കാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ മൂന്നു പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ 1692 പേർ ജോലി ചെയ്യുന്നു. പാലക്കാട് ജില്ലയിലെ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗേഴ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളെ സംബന്ധിച്ച് എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ. ആർ. സി.) നടത്തിയ വിശദമായ പഠന റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഈ റിപ്പോർട്ടിന്മേലുള്ള സർക്കാരിന്റെ തീരുമാനം അനുസരിച്ച് ഈ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

ചെറുകിട പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

26 [1165] ശ്രീ. എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ചെറുകിട പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെ വിവരം വെളിപ്പെടുത്തുമോ;

(ബി) ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭകരുടെ മീറ്റ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായങ്ങളുടെ സമഗ്രമായ പുനരുജ്ജീവനത്തിനുവേണ്ടി ഒരു പരമ്പരാഗത വ്യവസായ സഹായനിധി രൂപീകരിക്കുമെന്നു സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly